## പൊലീസ് കസ്റ്റഡിയിൽനിന്ന് മോഷ്ടാവ് മുങ്ങി

നെയ്യാറ്റിൻകര : മോഷണക്കേസിലെ പ്രതി പൊലീസ് കസ്റ്റഡിയിൽ നിന്നും ചാടിപ്പോയി. കാഞ്ഞിരംകുളം പൊലീസ് സ്റ്റേഷനിൽ കസ്റ്റഡിയിൽ ഉണ്ടായിരുന്ന കരിങ്കുളം ചെമ്പകത്തുറ സ്വദേശി ജോയി (19) ആണ് ഇന്ന് പുലർച്ചെ രണ്ടുമണിയോടെ ഒരു കോൺസ്റ്റബിളിനൊപ്പം വെളിയിൽ പ്രാഥമികാവശ്യം നിറവേറ്റാൻ പോകവെ ഓടി രക്ഷപ്പെട്ടത്.

## അധ്യാപകനെ ഇന്ന് കോടതിയിൽ ഹാജരാക്കും

കൊല്ലം: വിദ്യാർത്ഥിനികളെ ശല്യം ചെയ്തതിന് കൊല്ലം ഈസ്റ്റ് പൊലീസ് അറസ്റ്റ് ചെയ്ത അധ്യാപകനെ ഇന്ന് കോടതിയിൽ ഹാജരാക്കും. കൊല്ലം കോർപ്പറേഷൻ വക എൽ.പി സ്കൂളിലെ നൃത്ത സംഗീത കമ്പ്യൂട്ടർ അധ്യാപകനായ പരവൂർ മരംവെട്ടുവിള വീട്ടിൽ വിജയരാജ്(31) ആണ് അറസ്റ്റിലായത്.

# പൊലീസ്‌വാനും വർക്ക്ഷോപ്പ് ഷെഡ്ഡും കത്തിനശിച്ചു

കുന്നത്തുകാൽ : ഗിയർ റിപ്പയറിംഗിനായി ഇട്ടിരുന്ന തമിഴ്നാട് പൊലീസ്‌വാനും വർക്ഷോപ്പിന്റെ ഷെഡ്ഡും കത്തി നശിച്ചു. കാരക്കോണം ജംഗ്ഷനിലെ ബാലൻ ഓട്ടോ വർക്ക്ഷോപ്പിന്റെ ഷെഡ്ഡാണ് കത്തിനശിച്ചത്. ഇതിനുള്ളിൽ ഇട്ടിരുന്ന തമിഴ്നാട് അതിർത്തിയിലെ പളുകൽ പൊലീസ് സ്റ്റേഷൻ വക ടി. എൻ 74 ജി 0174 എന്ന ടെമ്പോ ട്രാവൽവാനിനും തീപിടിച്ചു.

ഇന്ന് വെളുപ്പിന് 1.30 ന് കാരക്കോണം വഴി വെള്ളറടയിലേക്ക് പോയ വാഹനയാത്രികൻ അറിയിച്ചതിനെത്തുടർന്ന് വെള്ളറട പൊലീസും പാറശ്ശാല ഫയർഫോഴ്സും എത്തി രണ്ടുമണിയോടെ തീയണച്ചു. ഷെഡ്ഡിനുള്ളിൽ മറ്റ് വാഹനങ്ങൾ ഇല്ലാതിരുന്നതും പരിസരങ്ങളിലേക്ക് തീ പടരാതിരുന്നതും വൻ ദുരന്തം ഒഴിവാക്കി.

ഇന്നലെ രാവിലെ ചില പ്രതികളെ തേടി പളുകൽ പൊലീസ് സഞ്ചരിച്ച വാഹനം കേടായതിനെത്തുടർന്ന് വർക്ഷോപ്പിലെത്തിക്കുകയായിരുന്നു.

അതിർത്തിയിലെ ചില കടത്തുലോബികൾ പൊലീസുമായുള്ള ശത്രുതയിൽ വാഹനത്തിന് തീയിട്ടതാണെന്നാണ് വെള്ളറട പൊലീസിന്റെ പ്രാഥമിക നിഗമനം. സംഭവമറിഞ്ഞ് തമിഴ്നാട് എസ്.പി കബിൻകുമാർ ശരോദ്കർ, തക്കല ഡി. എസ്.പി രാജു എന്നിവർ സ്ഥലത്തെത്തിയിട്ടുണ്ട്. വെള്ളറട സി. ഐ സതീഷ്കുമാറിന്റെ നേതൃത്വത്തിൽ അന്വേഷണം ആരംഭിച്ചു. ഫോറൻസിക് വിദഗ്ദ്ധരും എത്തി.

## ഗസ്റ്റ് ഹൗസിൽ കുട്ടിനേതാവിന്റെ വിളയാട്ടം ; മന്ത്രിക്ക് പരാതി

പാലാ: സർക്കാർ ഗസ്റ്റ്ഹൗസിൽ ഒരു മന്ത്രിയുടെ പാർട്ടിയിലെ കുട്ടി നേതാവിന്റെ ഇടപെടലുകൾ.

ടി.ബിയും മന്ത്രിയുടെ ഓഫീസും ഭരിക്കാനുള്ള കുട്ടിനേതാവിന്റെ ശ്രമത്തിനെതിരെ പാർട്ടിയിലെ ഒരു വിഭാഗം മന്ത്രിക്കും മുന്നണിയിലെ ഉന്നതർക്കും പരാതി നൽകിയിട്ടുണ്ട്.

വകുപ്പ് മന്ത്രി വിദ്യാർത്ഥി നേതാവായിരുന്ന കാലത്ത് ഒരുമിച്ച് പ്രവർത്തിച്ച പരിചയം വെച്ചാണ് അദ്ദേഹം മന്ത്രിയായപ്പോൾ ' വകുപ്പ് കൈകാര്യം' ചെയ്യാൻ കുട്ടിനേതാവ് എത്തിയത്.

മുൻപ് സംസ്ഥാന നേതാവായിരുന്ന ഇയാളെ ഇപ്പോൾ എല്ലാവിധ സ്ഥാനങ്ങളിൽ നിന്നും പാർട്ടി ഒഴിവാക്കിയിരുന്നു.

മന്ത്രി അറിയാതെ ചില ഭരണപരിഷ്കാരങ്ങൾ നടപ്പാക്കാൻ ശ്രമിച്ചതാണ് പുള്ളിക്ക് പുലിവാലായത്. പാലാ ടി. ബിയിൽ റിയൽ എസ്റ്റേറ്റ് ബ്ലേഡ് മാഫിയകളുടെ പ്രവർത്തനം ഇടക്കാലം കൊണ്ട് സജീവമായി. ഇതുമൂലം വകുപ്പ് മന്ത്രിയുടെ പാർട്ടിക്കു തന്നെ നാണക്കേടായി.

കുട്ടിനേതാവിന്റെ പിൻബലത്തിൽ രാവിലെ ടി. ബിയിലെ മുറികൾ എല്ലാം തന്നെ ഇത്തരം സംഘങ്ങളുടെ കൈയ്യിലാണ്. ജീവനക്കാരെ ഭരണ സ്വാധീനമുണ്ടെന്നു കാണിച്ച് ഭീഷണിപ്പെടുത്തിയാണ് ആധിപത്യം ഉറപ്പിച്ചത്.

അടുത്ത കാലത്താണ് ഭരണ പ്രതിപക്ഷ മുന്നണിയിലെ സ്ഥാനമൊന്നുമില്ലാത്തതും അവരുടെ ശിങ്കിടികളുമായ കുട്ടിനേതാക്കന്മാർ ഇവിടെ സ്ഥാനം ഉറപ്പിച്ചത്.

വകുപ്പുമന്ത്രിക്കു തന്നെ അയാളുടെ പാർട്ടിയുടെ ആളെന്ന രീതിയിലുള്ള കുട്ടി നേതാവിന്റെ അഭ്യാസ പ്രകടനങ്ങൾ മടുത്തപ്പോഴാണ് ഇയാളെ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ പാർട്ടി ഒരുങ്ങുന്നത്.

## 'പരേതൻ' തിരിച്ചെത്തി

കല്ലറ : മരിച്ചെന്ന് കരുതിയ യുവാവ് തിരിച്ചെത്തി. നാട്ടുകാർക്കും വീട്ടുകാർക്കും ആശ്വാസമായി.

കല്ലറ വെള്ളംകുടി നൗഷാദ് മൻസിലിൽ ഷെരീഫുദ്ദീന്റെയും സൗദാബീവിയുടെയും മകൻ നൗഷാദാണ് (34) മരിച്ചെന്ന് കരുതിയിരിക്കെ തിരിച്ചെത്തിയത്.

അഞ്ചുവർഷം മുൻപ് കൊല്ലം ഏരൂർ പത്തടിയിലെ ഭാര്യ വീട്ടിൽനിന്നും സൗദിയിലേക്ക് ജോലി തേടിപ്പോയ നൗഷാദിനെ ഒരുവർഷം മുൻപ് കാണാതായിരുന്നു. ഇതിനിടെ നൗഷാദിനെ നെയ്യാറ്റിൻകരയ്ക്ക് സമീപം വച്ച് ചിലർ കൊന്ന് കിണറ്റിൽ തള്ളിയിട്ടുണ്ടെന്ന കത്തും വീട്ടുകാർക്ക് ലഭിച്ചു. തുടർന്ന് നൗഷാദിന്റെ തിരോധാനത്തെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ബന്ധുക്കൾ പൊലീസിൽ പരാതി നൽകി.

പൊലീസ് സൗദിയിലും നാട്ടിലുമായി നടത്തിയ അന്വേഷണത്തിനൊടുവിൽ സൗദിയിലെ വിജനമായ സ്ഥലത്ത് നൗഷാദിനെ കണ്ടെത്തുകയായിരുന്നു. നാട്ടിലെത്തിച്ച ഇയാളെ അഞ്ചലിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നൗഷാദ് തിരിച്ചെത്തിയതോടെ ഭാര്യ സോഫിയയ്ക്കും മകൻ മുഹമ്മദ് ഷാഫിക്കുമൊപ്പം നാട്ടുകാരും ആശ്വാസത്തിലാണ്.

### വിദ്യാർത്ഥിനികളുടെ ആത്മഹത്യ

## വിഷം കിട്ടിയത് എങ്ങനെ?

അമ്പലപ്പുഴ: ഗവ. മോഡൽ സ്കൂളിനുള്ളിൽ വിഷം കഴിച്ച് മരിച്ചനിലയിൽ കണ്ടെത്തിയ മൂന്നു പ്ലസ് ടു വിദ്യാർത്ഥിനികളിൽ കഞ്ഞിപ്പാടം ആശാരിവനിൽ ബാബുവിന്റെ മകൾ അനിലയുടെ ശവസംസ്കാരം ഇന്ന് നടക്കും. സ്കൂളിൽ പൊതുദർശനത്തിന് വച്ചശേഷം ഉച്ചയോടെ വീട്ടുവളപ്പിലാണ് സംസ്കാരം. സഹപാഠികളായിരുന്ന വേണി, ജൂലി എന്നിവരുടെ സംസ്കാരം ഇന്നലെ നടന്നു.

എവിടെ നിന്നാണ് പെൺകുട്ടികൾക്ക് ഫ്യൂറിഡാൻ ലഭിച്ചതെന്നതിനെക്കുറിച്ച് പൊലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഇന്നലെ ഹർത്താൽ ആയതിനാൽ കടകളിൽ പരിശോധന നടത്താൻ കഴിഞ്ഞില്ല. ഇന്ന് പരിശോധന നടത്തുമെന്ന് അന്വേഷണ ഉദ്യോഗസ്ഥർ പറഞ്ഞു.

കത്തുകളിൽ പരാമർശമുള്ള ആൺകുട്ടികളെ വേണ്ടരീതിയിൽ ചോദ്യം ചെയ്തില്ല എന്ന ആക്ഷേപം ഉയർന്നിട്ടുണ്ട്. രാഷ്ട്രീയ ഇടപെടൽ ഉണ്ടായെന്നാണ് പൊതുവേ ജന സംസാരം. കുട്ടികൾ മരണമടഞ്ഞദിവസം ഉച്ചയ്ക്ക് 2.30 ഓടെ ജൂലി എന്ന കുട്ടി വീട്ടിൽ നിന്ന് മൊബൈൽ ഫോണിൽ സംസാരിക്കുന്നത് കണ്ടതായി നാട്ടുകാരിൽ ചിലർ പറഞ്ഞു. കുട്ടികളിൽ ഒരാളുടെ വീട്ടിൽ നിന്ന് കണ്ടെടുത്ത മൂന്ന് പേജുള്ള കത്ത് മാതാപിതാക്കൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറിയിരുന്നു. 17 ന് 'ഗുഡ് ബൈ' എന്ന് ഈ കത്തിന്റെ ഒരു മൂലയിൽ രേഖപ്പെടുത്തിയിരുന്നതായി പറയപ്പെടുന്നു. എന്നാൽ കത്തിന്റെ ഉള്ളടക്കം എന്ത് എന്നതിനെക്കുറിച്ച് ഇപ്പോഴും അവ്യക്തത തുടരുകയാണ്.

കത്തുകളിൽ പരാമർശിച്ച ആൺകുട്ടികളുടെ മൊബൈൽ ഫോണുകളും പൊലീസ് സൈബർസെല്ലിനു കൈമാറിയിരുന്നു. വി. എച്ച്. എസ്. സി ഡയറക്ടർ മോഹൻ എബ്രഹാം ഇന്ന് രാവിലെ സ്കൂൾ സന്ദർശിച്ചിരുന്നു. അമ്പലപ്പുഴ സി. ഐ ഉത്തമന്റെ നേതൃത്വത്തിലാണ് അന്വേഷണം നടത്തുന്നത്. സംശയമുള്ള മുഴുവൻ ആളുകളെയും ഇന്ന് മുതൽ ചോദ്യം ചെയ്ത് തുടങ്ങുമെന്ന് സി. ഐ പറഞ്ഞു.

### അധികൃതർ അറിയാതെ ക്ഷേത്രത്തിന്റെ ബാങ്ക് ലോക്കർ തുറന്നു

# കോടികളുടെ സ്വർണ്ണം നഷ്ടപ്പെട്ടതായിസംശയം

**എം.പി.സുകുമാരൻ**

തളിപ്പറമ്പ്: ദേവസ്വം അധികൃതരും ക്ഷേത്രഭരണസമിതി ഭാരവാഹികളും അറിയാതെ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രം വകയായുള്ള ബാങ്ക് ലോക്കർ തുറന്നു. ലോക്കറിൽ സൂക്ഷിച്ച കോടിക്കണക്കിന് രൂപ വിലവരുന്ന സ്വർണ്ണം അപഹരിക്കപ്പെട്ടതായി സംശയമുണ്ടെന്ന് ചൂണ്ടിക്കാട്ടി ദേവസ്വം അധികൃതർ പരാതി നൽകി.

തളിപ്പറമ്പ് ഡിവൈ. എസ്.പി ആർ. കെ. ജയരാജിന്റെ നേതൃത്വത്തിൽ പൊലീസ് ഊർജിതമായ അന്വേഷണം ആരംഭിച്ചു.

ടി.ടി.കെ. ദേവസ്വത്തിന് കീഴിലുള്ള രാജരാജേശ്വര ക്ഷേത്രത്തിന്റേതായി തളിപ്പറമ്പ് സിൻഡിക്കേറ്റ് ബാങ്കിലുള്ള ലോക്കറാണ് ഉത്തരവാദിത്വപ്പെട്ട ആരോരുമറിയാതെ രണ്ട് തവണ തുറക്കപ്പെട്ടത്. ദേവസ്വം ഭരണസമിതിയുടെ പുതിയ പ്രസിഡന്റായി പി. ഇ. നാരായണൻ നമ്പൂതിരി തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

ഇദ്ദേഹത്തിന് ലോക്കറിന്റെയടക്കം ചാർജ്ജ് കൈമാറുന്നതിനായി മുൻ പ്രസിഡന്റ് ഇ.പി. ഹരിജയന്തൻ നമ്പൂതിരിയും പുതിയ പ്രസിഡന്റും കഴിഞ്ഞ ദിവസം ബാങ്കിൽ എത്തിയപ്പോഴാണ് ഞെട്ടിക്കുന്ന ഈ വിവരം അറിഞ്ഞത്.

ബാങ്ക് ലോക്കറിന്റെ രജിസ്റ്റർ പരിശോധിച്ചപ്പോൾ 2007 മെയ് 18 നും 2007 ഒക്ടോബർ എട്ടിനും ലോക്കർ തുറന്നതായി ശ്രദ്ധയിൽപ്പെടുകയായിരുന്നു. ലോക്കർ തുറക്കാനെത്തിയവരുടെ പേരും സ്ഥാനപ്പേരും ഒപ്പും റിക്കോർഡിലുണ്ട്.

എന്നാൽ ഇത് വ്യാജമായി മറ്റാരോ എഴുതിച്ചേർത്തതായാണ് മനസിലാക്കാൻ കഴിഞ്ഞത്. 800 ഓളം ചെറുപാക്കറ്റുകളിൽ പൊതിഞ്ഞ സ്വർണ്ണങ്ങൾ ലോക്കറിൽ ഉണ്ടെന്നാണ് സൂചന. ദേവസ്വത്തിന്റെ മുൻ എക്സിക്യൂട്ടീവ് ഓഫീസർ ഇ.കെ.ബാബു നമ്പൂതിരിയെ അഴിമതി ആരോപണങ്ങളെ തുടർന്ന് 2006 ജൂലൈ 14 ന് സസ്പെൻഡു ചെയ്യുകയും അന്വേഷണവിധേയമായി 2008 ജൂലൈ 30 ന് പിരിച്ചുവിടുകയും ചെയ്തിരുന്നു.

## obit

### കൃഷ്ണപിള്ള

**തിരുവനന്തപുരം :** ജവഹർനഗർ കാവിൻപുറത്ത് വീട്ടിൽ കൃഷ്ണപിള്ള (72, റിട്ട. ഉദ്യോഗസ്ഥൻ ഏജീസ് ഓഫീസ്) നിര്യാതനായി. സഹോദരങ്ങൾ : പരേതനായ സോമശേഖരൻ നായർ, രാജഗോപാലൻ നായർ, തങ്കപ്പൻ നായർ, ഇന്ദിരാദേവി, ഓമന, ലീല, പത്മിനി. സഞ്ചയനം 23 ന് രാവിലെ 9 ന്.



### ഗോമതി

**തിരുവനന്തപുരം :** ശംഖുംമുഖം ജി.വി. രാജാ റസിഡന്റ്സ് അസോസിയേഷൻ എ – സ്ട്രീറ്റ് ഹൗസ് നമ്പർ 90ൽ പരേതനായ മാടസ്വാമിയുടെ ഭാര്യ ഗോമതി (85) നിര്യാതയായി. മക്കൾ : മണിയമ്മ, സരസ്വതി, രാജം, രാധാകൃഷ്ണൻ (എ.സി., സി. ഐ. എസ്. എഫ്. എ.സി.ടി യൂണിറ്റ്), കണ്ണൻ (റിട്ട. ജീവനക്കാരൻ, കെ. എസ്. ആർ.ടി.സി), രഞ്ചിതം, സുബ്രഹ്മണ്യൻ, വിജയ, മധു (എച്ച്.സി. സി. ഐ. എസ്. എഫ്), അഖില, ദേവാനന്ദ് (സി. ഐ. എസ്. എഫ്, എ. എസ്. ജി, തിരു). മരുമക്കൾ : ഷൺമുഖവേൽ, അയ്യപ്പൻ (റിട്ട. ജീവനക്കാരൻ ടി.ടി.പി), യസ്സക്കി (എക്സ് മിലിട്ടറി), ഗിരിജ (റിട്ട. ഉദ്യോഗസ്ഥ, അർബൻ ബാങ്ക്), ഉഷ (സെന്റമേരീസ് എച്ച്. എസ്. എസ്, പട്ടം), അയ്യാവ്, ശ്രീകുമാരി, നല്ലകണ്ണ് (എൻ.ടി.സി, തമിഴ്നാട്), സിന്ധു, രാജമയിൽ (കിംഗ്ഫിഷർ എയർലൈൻസ്), ശുഭ. സംസ്കാരം ഇന്ന് (ബുധൻ) ഉച്ചയ്ക്ക് തൈക്കാട് ശാന്തികവാടത്തിൽ.



### സുകുമാരി

**അന്തിയൂർക്കോണം :** മണപ്പുറം സിന്ധു നിലയത്തിൽ രാമചന്ദ്രന്റെ ഭാര്യ സുകുമാരി (തങ്കി – 48) നിര്യാതയായി. മക്കൾ : പ്രകാശ്, പ്രശാന്ത്. മരുമകൾ : സന്ധ്യ. സഞ്ചയനം : 23 ന് രാവിലെ 8.30 – ന് മച്ചേൽ കാരക്കോണം കീഴെതുടപ്പുഴ വീട്ടിൽ.



### സുഗുണൻ

**തിരുവനന്തപുരം :** പോങ്ങുംമൂട് ചേന്തി ഈന്തിവിള പുത്തൻവീട്ടിൽ സുഗുണൻ (67) നിര്യാതനായി. ഭാര്യ : സരസ്വതി. മക്കൾ : ശ്രീജി, ശ്രീലേഖ. മരുമക്കൾ : ശുഭ, ദിനേശൻ. മരണാനന്തരചടങ്ങുകൾ: തിങ്കളാഴ്ച രാവിലെ 7ന്.



### എൽ. ചെല്ലമ്മ

**തിരുവനന്തപുരം :** മുക്കോലയ്ക്കൽ അഞ്ചുമുറി വീട്ടിൽ എൽ. ചെല്ലമ്മ (88) നിര്യാതയായി. മക്കൾ : രവീന്ദ്രൻ നായർ (സതേൺ സ്റ്റാർ ദിനപത്രം), ബാലചന്ദ്രൻ നായർ (സെക്രട്ടേറിയറ്റ് അനക്സ്). മരുമക്കൾ : പരേതയായ ഡി. പ്രസന്ന, കെ. ഗീത. സഞ്ചയനം ഞായറാഴ്ച രാവിലെ 8 ന്.

